ക്വിക് വെരിഫിക്കേഷൻ

330 (308) ശ്രീ. എ. കെ. ബാലൻ:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. രാജു എബ്രഹാം:
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ വിജിലൻസ് കോടതി ഉത്തരവു പ്രകാരം എക്സൈസ് വകുപ്പുമന്ത്രി ബാറുടമകളിൽ നിന്ന് കൈക്കൂലി വാങ്ങിയെന്ന ആരോപണത്തിൽ വിജിലൻസ് ക്വിക് വെരിഫിക്കേഷൻ നടത്തിയിട്ടുണ്ടോ; എപ്പോൾ;

(ബി) ഇക്കാര്യത്തിൽ വിജിലൻസ് ഡയറക്ടർ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ; ആരുടെ നേതൃത്വത്തിൽ ആരെല്ലാം അടങ്ങിയ സംഘമാണ് അന്വേഷണം നടത്തിയത്; പ്രാഥമിക വിവരങ്ങൾ കോടതിയെ അറിയിച്ചത് എപ്പോൾ ;

(സി) എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ;

(ഡി) വിജിലൻസിന്റെ പ്രാഥമികാന്വേഷണത്തിന്റെ അടിസ്ഥാനത്തിലുള്ള തടസ്സവാദങ്ങൾ തള്ളിക്കൊണ്ടാണോ ക്വിക് വെരിഫിക്കേഷന് വിജിലൻസ് കോടതി ഉത്തരവിട്ടിരുന്നത്; കോടതി വിധി എന്തായിരുന്നു; വിശദമാക്കാമോ;

(ഇ) എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യണമെന്ന വിജിലൻസ് കോടതി ഉത്തരവ് നടപ്പിലാക്കാതെ, സ്റ്റേ ചെയ്യാൻ ഹൈക്കോടതിയെ സർക്കാർ സമീപിക്കാനിടയായ സാഹചര്യം എന്തായിരുന്നു; ഇക്കാര്യം സർക്കാർ തീരുമാനിച്ചത് ഏത് തലത്തിലായിരുന്നു; ഹർജിയിൽ സ്റ്റേ ലഭിക്കുകയുണ്ടായോ;

(എഫ്) വിജിലൻസ് കോടതി വിധി പ്രകാരം എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യുന്നതിൽ വിജിലൻസ് ബോധപൂർവ്വമായ വീഴ്ച വരുത്തിയിട്ടുണ്ടോ?

ഉത്തരം

(എ) 2015 ഡിസംബർ മാസം മുതൽ പ്രസ്തുത സത്വരാന്വേഷണം (ക്വിക് വെരിഫിക്കേഷൻ)നടന്നുവരുന്നു.

(ബി) പ്രസ്തുത സത്വരാന്വേഷണ റിപ്പോർട്ട് (ക്വിക് വെരിഫിക്കേഷൻ) വിജിലൻസ് ഡയറക്ടർക്ക് ലഭിച്ചിട്ടില്ല. എറണാകുളം മേഖലാ വിജിലൻസ് പോലീസ് സൂപ്രണ്ട് ശ്രീമതി നിശാന്തിനി ഐ.പി.എസ്.-ന്റെ നേതൃത്വത്തിൽ അന്വേഷിച്ചുവരുന്ന പ്രസ്തുത അന്വേഷണത്തിന്റെ റിപ്പോർട്ട് ലഭിച്ച ശേഷം മാത്രമെ കോടതിയിൽ സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ.

(സി) ഇല്ല. പ്രഥമവിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്യാനുള്ള തൃശ്ശൂർ വിജിലൻസ് കോടതിയുടെ ഉത്തരവ് ശ്രീ. കെ. ബാബു (ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി)

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സമർപ്പിച്ച ഹർജി പരിഗണിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി രണ്ട് മാസത്തേയ്ക്ക് സസ്പെന്റ് ചെയ്തിട്ടുണ്ട്. അതുകൂടാതെ വിജിലൻസ് കോടതികളുടെ ഉത്തരവിൽത്തന്നെ ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബഞ്ചിൽ നിലവിലുള്ള സെൻട്രൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ അന്വേഷണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഹർജിയുടെ ഉത്തരവിനുവിധേയമായിരിക്കും എന്ന് എടുത്തുപറഞ്ഞിട്ടുണ്ട്. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതി ടി കേസിൽ അന്തിമവാദത്തിനായി നാല് ആഴ്ചക്കുശേഷം പരിഗണിക്കാമെന്ന് ഉത്തരവായതിനാൽ തൃശ്ശൂർ വിജിലൻസ് കോടതിയുടെ ഉത്തരവുപ്രകാരം പ്രഥമവിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്യേണ്ടിയിരുന്നില്ല.

(ഡി) അല്ല. പരാതിക്കാരൻ ഹാജരാക്കിയ സി.ഡി.-യിലെ ആരോപണങ്ങളിൽ സത്വരാന്വേഷണം (ക്വിക് വെരിഫിക്കേഷൻ) നടത്താനാണ് ഉത്തരവ്.

(ഇ) സർക്കാർ സ്റ്റേ ഉത്തരവിനായി കോടതിയിൽ ഹർജി സമർപ്പിച്ചിട്ടില്ല. ശ്രീ. കെ. ബാബു സമർപ്പിച്ച ഹർജി പരിഗണിച്ച് തൃശ്ശൂർ വിജിലൻസ് കോടതിയുടെ ഉത്തരവ് രണ്ട് മാസത്തേയ്ക്ക് സസ്പെന്റ് ചെയ്തിട്ടുണ്ട്.

(എഫ്) ഇല്ല.

എക്സൈസ് വകുപ്പുമന്ത്രിക്ക് എതിരെയുള്ള അന്വേഷണം

331 (309) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പുമന്ത്രിക്ക് എതിരെ തൃശ്ശൂർ വിജിലൻസ് കോടതിയിൽ വന്ന ഹർജിയിൽ, വാദം കേട്ട കോടതി Cr PC സെക്ഷൻ 156(3) അനുസരിച്ച് 156(1) പ്രകാരമുള്ള അന്വേഷണത്തിനുത്തരവിട്ടത് ഏത് തീയതിയിലായിരുന്നു;

(ബി) മന്ത്രിക്ക് കൈക്കൂലി നൽകിയത് സംബന്ധിച്ചുള്ള തെളിവുകൾ മുഖവിലയ്ക്കെടുത്തുകൊണ്ട് ക്വിക് വെരിഫിക്കേഷൻ കോടതി ഇട്ട ഉത്തരവ് പ്രകാരം അന്വേഷണം ആരംഭിച്ചത് എന്നായിരുന്നു; ആരുടെ അന്വേഷണത്തിൽ ആരെല്ലാം അടങ്ങിയ സംഘമാണ് അന്വേഷിച്ചത്;

(സി) കോടതി നിർദ്ദേശിച്ച സമയപരിധിക്കുള്ളിൽ തന്നെ (23-1-2016) അന്വേഷണം നടത്തി റിപ്പോർട്ട് കോടതിക്ക് സമർപ്പിക്കാതിരുന്നത് എന്തുകൊണ്ടായിരുന്നു;